# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1654** **01-11-2019 ലെ മറുപടിയ്ക്ക്**

### മരട് ഫ്ലാറ്റുടമകൾക്ക് നൽകേണ്ട നഷ്ടപരിഹാരം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. വി.ഡി. സതീശൻ :** | **ശ്രീ. എ.സി. മൊയ്തീൻ**<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) |
| (എ) മരടിൽ അനധികൃതമായി നിർമ്മിച്ചതും സുപ്രീംകോടതി പൊളിച്ച് നീക്കുവാൻ ഉത്തരവായതുമായ ഫ്ലാറ്റുകളുടെ ഉടമകൾക്ക് നൽകേണ്ട നഷ്ടപരിഹാരം നിർണ്ണയിക്കുന്നതിന് സുപ്രീംകോടതി നിയോഗിച്ച റിട്ട. ജഡ്ജി കെ.ബാലകൃഷ്ണൻ നായർ അദ്ധ്യക്ഷനായ സമിതി നഷ്ടപരിഹാരം ശിപാർശ ചെയ്തിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) അഞ്ച് ഫ്ലാറ്റ് സമുച്ചയങ്ങളിലായി എത്ര പേരാണ് ഉടമസ്ഥാവകാശവും കൈവശ രേഖയും ഹാജരാക്കിയത്; | (ബി) 246 പേർ |
| (സി) അനധികൃതമായി ഫ്ലാറ്റുകൾ നിർമ്മിച്ച ബിൽഡർമാരിൽ നിന്നും അതിന് അനുമതി നൽകിയ ഉദ്യോഗസ്ഥരിൽ നിന്നും നഷ്ടപരിഹാര തുക ഈടാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (സി) അനധികൃത ഫ്ലാറ്റുകൾ നിർമ്മിച്ച ബിൽഡർമാരിൽ നിന്നും നഷ്ട പരിഹാരത്തുക ഈടാക്കുവാൻ 25.10.2019-ൽ ബഹു. സുപ്രീം കോടതി ഉത്തരവായിട്ടുണ്ട്. എന്നാൽ ഇതു സംബന്ധിച്ച് ഉദ്യോഗസ്ഥരുടെ പങ്ക് ക്രൈം ബ്രാഞ്ച് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷിച്ച് വരുന്നു. |
| (ഡി) നഷ്ടപരിഹാര സമിതിയുടെയും അതിൽ പ്രവർത്തിക്കുന്ന ജീവനക്കാരുടെയും ചെലവ് കൂടി ഫ്ലാറ്റ് നിർമ്മാതാക്കളിൽ നിന്നും ഈടാക്കുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ഡി) നഷ്ടപരിഹാര സമിതിയിൽ പ്രവർത്തിക്കുന്നവരുടെ ചെലവ്, അനധികൃത നിർമ്മാണത്തിന് ഉത്തരവാദികളായവരിൽ നിന്നും ഈടാക്കുവാൻ 16/10/2019 ലെ സർക്കാർ ഉത്തരവ് സ.ഉ.(സാധാ) നം. 100/19/ENVT പ്രകാരം ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ